പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3968

24/08/2017 -ൽ മറുപടിയ്ക്ക്.

## ക്ഷീര കർഷകരിൽ നിന്നും മിൽമ ശേഖരിക്കുന്ന പാൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീര കർഷകരിൽ നിന്നും മിൽമ പ്രതിദിനം എത്ര ലിറ്റർ പാൽ ശേഖരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ ക്ഷീര കർഷകരിൽ നിന്നും മിൽമ ഇപ്പോൾ ശരാശരി പ്രതിദിനം 12.50 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നു. |
| (ബി) ക്ഷീര കർഷകർക്ക് ലിറ്ററിന് ശരാശരി എത്ര രൂപ നൽകിയാണ് മിൽമ പാൽ ശേഖരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) മിൽമ പാൽ സംഭരിക്കുന്നത് ക്ഷീര സംഘങ്ങളിൽ നിന്നുമാണ്. ക്ഷീരസംഘങ്ങൾക്ക് പാലിന്റെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിലാണ് വില നൽകുന്നത്. ഓരോ ഗുണനിലവാരത്തിനും വ്യത്യസ്ഥമായ വിലയാണ് നൽകുന്നത്. ഇപ്പോൾ മിൽമ സംഭരിക്കുന്ന പാലിന്റെ ശരാശരി ഗുണനിലവാരം 4.1% കൊഴുപ്പും 8.3% എസ്.എൻ.എഫും (സോളിഡ്-നോട്ട്-ഫാറ്റ്) ആണ്. ആയതിന് ലിറ്ററിന് 35.87 രൂപയാണ് സംഭരണ വിലയായി ക്ഷീരസംഘങ്ങൾക്ക് നൽകുന്നത്. |
| (സി) ഇങ്ങനെ ശേഖരിക്കപ്പെടുന്ന പാൽ, മിൽമ വിൽപ്പന നടത്തുന്നത് ലിറ്ററിന് എത്ര രൂപ നിരക്കിലാണെന്ന് വ്യക്തമാക്കുമോ ; വിവിധ ഗുണനിലവാരത്തിലുള്ള പാലുകൾക്ക് മിൽമ നിശ്ചയിക്കുന്ന വില എത്രയെന്ന് വ്യക്തമാക്കുമോ ? | (സി) മിൽമ വിൽക്കുന്നത് വിവിധ ഗുണ നിലവാരമുള്ള പാലാണ്. ഓരോ ഗുണനിലവാരത്തിലുമുള്ള പാലിന് വ്യത്യസ്ഥമായ വിൽപ്പന വിലയാണ്. വ്യത്യസ്ഥ ഗുണ നിലവാരമുള്ള പാലിന്റെ വിൽപ്പന വില അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ .

**അനുബന്ധം**

| Milk Variant | Selling Price (Rs. per Litre) |
|---|---|
| Milma Smart Double Toned Milk (1.5% Fat & 9.0% SNF) | Rs.39.00 |
| Milma Toned Milk (Non Homogenized) (3.0% Fat & 8.5% SNF) | Rs.40.00 |
| Milma Toned Milk (Homogenized (3.0% fat & 8.5% SNF) | Rs.42.00 |
| Milma Pride Milk (Homogenized) (3.5% Fat & 8.5% SNF) | Rs.44.00 |
| Milma Rich Standardized Milk (500/1000/5000 Ml Packs) (4.5% Fat & 8.5 % SNF) | Rs.44.00 |

സെക്ഷൻ ഓഫീസർ.